# കർത്താവിനെ തൃപ്തിപ്പെടുത്തുക

## യോഹന്നാൻ 4:34

**"യേശു അവരോട് പറഞ്ഞത്; എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതു തന്നെ എന്റെ ആഹാരം."**

യേശുവും ശിഷ്യന്മാരും ഗലീലയ്ക്കുള്ള യാത്രാമദ്ധ്യേ ശമര്യ പട്ടണത്തിൽ കൂടി കടന്നു പോകുന്നു. അവിടെ ഒരു ഉറവിന്നരികെ ക്ഷീണിതനായിരിക്കുകയും, ശിക്ഷ്യന്മാരെ ഭക്ഷണത്തിനായി പട്ടണത്തിലേക്ക് അയയ്ക്കുകയും ചെയ്യുന്നു. ആ ഉറവിന്നരികെ ഒരു ശമര്യ സ്ത്രീ കടന്നുവരുന്നു. യേശുവും ശമര്യസ്ത്രീയും തമ്മിലുള്ള സംഭാഷണത്തിന്റെ അവസാന ഭാഗമാണ് പ്രസ്തുതവചനം. യഹൂദന്മാർ ശമര്യരെ ഏറ്റവും വെറുത്തിരുന്ന ആ കാലത്ത് സ്നേഹവാനായ യേശു അതിലൂടെ സഞ്ചരിക്കുന്നു. ശമര്യസ്ത്രീയോട് വെള്ളം കുടിക്കുവാൻ ചോദിച്ച കർത്താവ് അവളോട് 'ജീവനുള്ള' വെള്ളത്തെക്കുറിച്ച് പറഞ്ഞ് അത് പ്രാപിക്കേണ്ട ആവശ്യം അവളെ ബോദ്ധ്യപ്പെടുത്തുന്നു. ലോകം കാത്തിരിക്കുന്ന രക്ഷകൻ താനാണെന്നും യേശു തന്നെത്തന്നെ വെളിപ്പെടുത്തി.

ശമര്യസ്ത്രീയുടെ പൂർവ്വകാലം മുഴുവൻ കർത്താവ് അവളോട് വെളിപ്പെടുത്തിയപ്പോൾ അവൾ കുടം താഴെ വെച്ച് ഓടി പട്ടണത്തിൽ ചെന്ന് സകലരോടും അവനെപ്പറ്റി പറഞ്ഞു. ഇവിടെ കർത്താവിനെ തൃപ്തനാക്കിയ രണ്ട് കാര്യങ്ങൾ ശമര്യസ്ത്രീ ചെയ്തു.

1. യേശു സുവിശേഷം പറഞ്ഞപ്പോൾ അവൾ ശ്രദ്ധയോടെ കേട്ടു. അവനെ തിരിച്ചറിഞ്ഞു, തന്റെ പൂർവ്വകാല പാപജീവിതത്തെ യേശുവിന്റെ കാൽക്കൽവച്ച് മാനസാന്തരപ്പെട്ടു.
2. അവൾ കണ്ട യേശുവിനെ അനേകരോട് വെളിപ്പെടുത്തുവാൻ തയ്യാറായി.

ഇവിടെ ശിഷ്യന്മാർ ഭക്ഷണവുമായി വന്നപ്പോൾ യേശു ഭക്ഷണം കഴിച്ച തൃപ്തിയോടെ അവരോട് സംസാരിച്ചതാണ് കുറിവാക്യം. പിതാവാം ദൈവം തന്നെ ഏല്പിച്ചിരിക്കുന്ന ദൗത്യം വളരെ മനോഹരമായി കർത്താവ് നിർവഹിച്ചു. അവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികച്ചു.

പ്രിയ ദൈവജനമേ, യേശുവിനെ അറിഞ്ഞ നാം ഇന്ന് അവന്റെ ഇഷ്ടം ചെയ്ത് അവനെ തൃപ്തിപ്പെടുത്തുന്നുണ്ടോ എന്ന് ചിന്തിക്കാം. മനുഷ്യമക്കളോട് കൂട്ടായ്മ ആഗ്രഹിച്ച് നമ്മിലേക്ക് ഇറങ്ങിവരുന്ന ദൈവത്തിന് നാം പ്രത്യുത്തരം കൊടുത്ത് കൂട്ടായ്മ കാണിക്കുന്നുണ്ടോ? നാം അറിഞ്ഞ ജീവന്റെ വചനം അനേകർക്കു പകർന്നുകൊടുത്ത് അവനെ വെളിപ്പെടുത്തുന്നുണ്ടോ.

ജീവിതവ്യഗ്രതകളുടെ നടുവിലും ദൈവത്തെ ആരാധിക്കുകയും, മഹത്വപ്പെടുത്തുകയും ചെയ്യണം. ഞെരുക്കങ്ങളും, വേദനകളും, പീഡനങ്ങളും ഈ ലോക ജീവിതത്തിൽ നമ്മെ ബുദ്ധിമുട്ടിക്കുമ്പോഴും നാം കർത്താവിന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തിയെ തികയ്ക്കുന്നവരാകണം. എന്നാൽ തീർച്ചയായും അവൻ നമ്മെ അനുഗ്രഹിക്കും. അവന്റെ അടുക്കലേക്ക് വരുന്ന ആരെയും നിരാശരാക്കി കർത്താവ് വിടുന്നില്ല. അവനെ സ്വീകരിക്കു കയും, ഉൾക്കൊള്ളുകയും, പ്രഘോഷിക്കുകയും ചെയ്യുന്നവനെ കർത്താവ് നിത്യതയോളം മാനിക്കുന്നു.

ശമര്യസ്ത്രീ ചെയ്തതുപോലെ കർത്താവിന്റെ ഹിതം അറിഞ്ഞ് അവനെ അനുസരിക്കു കയും, അനുഗമിക്കുകയും ചെയ്യാം. ദൈവത്തെ അനുഭവിച്ചറിയാനും, അവനോടുകൂടെ വസിക്കാനും ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. പ്രതികൂലങ്ങളുടെ നടുവിലും വിശ്വസ്തതയോടെ അവനെ പിൻപറ്റുകയും; അനേകർക്ക് അവന്റെ സ്നേഹത്തെ പകർന്നു കൊടുക്കാനും പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

**പരാമർശം:**

സങ്കീർത്തനം 40:8

എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ പ്രിയപ്പെടുന്നു. നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു.

എബ്രായർ 10:5–9

ആകയാൽ ലോകത്തിൽ വരുമ്പോൾ: “ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല; എന്നാൽ ഒരു ശരീരം നീ എനിക്കു ഒരുക്കിയിരിക്കുന്നു. സർവ്വാംഗ ഹോമങ്ങളിലും പാപ യാഗങ്ങളിലും നീ പ്രസാദിച്ചില്ല. അപ്പോൾ ഞാൻ പറഞ്ഞു: ഇതാ, ഞാൻ വരുന്നു; പുസ്തകച്ചുരുളിൽ എന്നെക്കുറിച്ചു എഴുതിയിരിക്കുന്നു; ദൈവമേ, നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു.” എന്നു അവൻ പറയുന്നു. ന്യായപ്രമാണപ്രകാരം കഴിച്ചുവരുന്ന യാഗങ്ങളും വഴിപാടും സർവ്വാംഗഹോമങ്ങളും പാപയാഗങ്ങളും നീ ഇച്ഛിച്ചില്ല അവയിൽ പ്രസാദിച്ചതുമില്ല എന്നിങ്ങനെ പറഞ്ഞശേഷം: ഇതാ, ഞാൻ നിന്റെ ഇഷ്ടം ചെയ്‌വാൻ വരുന്നു എന്നു പറഞ്ഞുകൊണ്ടു അവൻ രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ ഒന്നാമത്തേതിനെ നീക്കിക്കളയുന്നു.

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 018**